"ഭരണഭാഷ - മാതൃഭാഷ"

**അടിയന്തിരം**

നം.ഐസിഡിഎസ്/എ7-3612/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 6-5-2017

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - 2017-18 സാമ്പത്തിക വർഷം അങ്കണവാടി കെട്ടിട നിർമ്മാണം നവീകരണം - പ്രൊപ്പോസൽ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : ഈകാര്യാലയത്തിലെ 7-4-2017 തീയതിയിലെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികളിലുൾപ്പെടുത്തി 1218 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും 1020 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിൽ 1000 അങ്കണവാടികള MGNREGS പദ്ധതിയിലുൾപ്പെടുത്തിയും ശേഷിക്കുന്നവ സ്റ്റേറ്റ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയുമാണ് നിർമ്മാണം നടത്തുക. MGNREGS പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് MGNREGS 5 ലക്ഷം രൂപയും, 2 ലക്ഷം രൂപ വകുപ്പും (60:40), ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. സ്റ്റേറ്റ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 218 അങ്കണവാടികൾ 14.5 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ നിർമ്മാണ ചെലവിന്റെ 40% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണ മെന്ന് വ്യവസ്ഥ ചെയ്യുന്നു.

നടപ്പ് സാമ്പത്തിക വർഷം സ്റ്റേറ്റ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 1020 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.



PDF processed with CutePDF evaluation edition www.CutePDF.com

നവീകരണ പ്രവർത്തനങ്ങളുടെ മുഴുവൻ തുകയും വകുപ്പ് വിഹിതമായി വഹിക്കുന്നതാണ്.

ടി സാഹചര്യത്തിൽ 29-5-2017-ന് കൂടുന്ന വർക്കിംഗ് ഗ്രൂപ്പിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ 2017-18 സാമ്പത്തിക വർഷം അങ്കണവാടി കെട്ടിട നിർമ്മാണ-നവികരണ ലിസ്റ്റ് അടിയന്തിരമായി സമർപ്പിയ്ക്കേണ്ടതും ആണ് സ്റ്റേറ്റ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയുള്ള കെട്ടിട നിർമ്മാണത്തിന് നിർമ്മാണ ചെലവിന്റെ 40% തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കാമെന്നുള്ള തീരുമാനംകൂടി ഉൾപ്പെടുത്തേണ്ടതാണ്.

പ്രൊപ്പോസൽ 15-5-2017-ന് മുമ്പ് സമർപ്പിക്കേണ്ടതാണ് 29-5-2017-ന് കൂടുന്ന വർക്കിംഗ് ഗ്രൂപ്പിൽ പ്രൊപ്പോസൽ സമർപ്പിക്കാതെവന്നാൽ വകുപ്പിന് 3720 ലക്ഷം രൂപ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അങ്ങനെ സംഭവിച്ചാൽ ആതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരുക്കും എന്ന വസ്തുതകൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ജികെ/ 10-5-17